## പതിനാലാം കേരള നിയമസഭ

### അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.2044 05/05/17-ൽ മറുപടിയ്ക്ക്

## പ്രൊഫഷണൽ വിദ്യാഭ്യാസത്തിലേക്ക് കൂടുതൽ വിദ്യാർത്ഥികളെ എത്തിക്കാൻ കർമ്മപരിപാടി

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.കെ.വി.വിജയദാസ്** | | **ശ്രീ. എ.കെ.ബാലൻ**<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്കസമുദായ ക്ഷേമവും, നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി) | |
| എ) | പ്രൊഫഷണൽ വിദ്യാഭ്യാസ മേഖലയിലേക്ക് ഈ വർഷം കൂടുതൽ എസ്.സി/എസ്.ടി വിഭാഗത്തിൽപ്പെടുന്ന വിദ്യാർത്ഥികളെ എത്തിയ്ക്കുന്നതിനുള്ള പ്രത്യേക കർമ്മപരിപാടിയ്ക്ക് രൂപം നൽകിയിട്ടുണ്ടോ;എങ്കിൽ വിശദവിവരം നൽകുമോ; | എ) | പ്രൊഫഷണൽ വിദ്യാഭ്യാസ മേഖലയിലേക്ക് വിദ്യാർത്ഥികളെ എത്തിക്കുന്നതിന് താഴെപ്പറയുന്ന പദ്ധതികളാണ് നിലവിലുള്ളത്. വിഷൻ എൻട്രൻസ് കോച്ചിംഗ് പദ്ധതി പ്രകാരം മെഡിക്കൽ/എഞ്ചിനീയറിംഗ് പ്രവേശനപരീക്ഷ എഴുതുന്നതിനുള്ള പരിശീലനത്തിനായി 20,000/-രൂപ വരെ ധനസഹായം നൽകുന്നു.<br>പി.ഇ.റ്റി.സി.കൾ വഴിയും പ്രവേശന പരീക്ഷയ്ക്ക് പരിശീലനം നൽകി വരുന്നുണ്ട്. മെഡിക്കൽ/എഞ്ചിനീയറിംഗ് പ്രവേശന പരീക്ഷകൾക്കായിഎം.ആർ.എസ്സുകളിൽ +1, +2 ക്ലാസ്സുകളിൽ പഠിക്കുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ടി സ്കൂളിൽ തന്നെ പ്രത്യേക പരിശീലന ഏജൻസികൾ വഴി പരിശീലനം നൽകി വരുന്നു. കൂടാതെ +2 സയൻസ് വിഷയം ഐശ്ചികമായി എടുത്ത് വിജയം കൈവരിച്ച 80 വിദ്യാർത്ഥികൾക്ക് പ്രവേശന പരീക്ഷാ പരിശീനലരംഗത്തെ പ്രമുഖ സ്ഥാപനങ്ങൾ വഴി ഒരു വർഷം നീണ്ടു നിൽക്കുന്ന പരിശീലനം നൽകി വരുന്നു.<br>'ക്രസ്റ്റ്' മുഖേന എം.ആർ.എസ്സുകളിലെയും പോസ്റ്റ്/പ്രീമെട്രിക് ഹോസ്റ്റലുകളിലെയും വിദ്യാർത്ഥികൾക്ക് പ്രത്യേക പരിശീലനം നൽകി സംസ്ഥാനത്തിനു പുറത്തുള്ളതുൾപ്പെടെ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പ്രവേശനം നേടുന്ന |

| | | | |
|---|---|---|---|
| | | | തിനു പ്രത്യേക കോച്ചിംഗ് നടത്തി വരുന്നുണ്ട്.<br>അട്ടപ്പാടിയിലും 'കാർസൽ' മുഖേന സമാനമായ പരിശീലന പരിപാടി നടത്തിവരുന്നുണ്ട്.<br>വിവിധ ഹോട്ടൽ മാനേജ്മെന്റ് കോഴ്സുകളുടെ പ്രവേശനപരീക്ഷകൾക്ക് തയ്യാറെടുക്കുന്ന വിദ്യാർത്ഥികൾക്ക് പരിശീലനം നൽകിവരുന്നു.<br>സി.എ, ഐ.സി.ഡബ്ല്യൂ.എ കോഴ്സുകൾക്ക് പഠനം നടത്തുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസാനുകൂല്യങ്ങൾ നൽകി വരുന്നു. |
| ബി) | വരും വർഷങ്ങളിൽ ഈ വിഭാഗങ്ങളിൽപ്പെട്ട കൂടുതൽ വിദ്യാർത്ഥികളെ ഉന്നതവിദ്യാഭ്യാസ മേഖലയിലേക്ക് എത്തിയ്ക്കുന്നതിന് പ്രത്യേക പദ്ധതിയ്ക്ക് രൂപം നൽകുമോ; | ബി) & സി) | നിലവിലുള്ള പ്രവർത്തനങ്ങൾ പര്യാപ്തമാണോ എന്ന് പരിശോധിക്കുന്നതാണ്. |
| സി) | എങ്കിൽ ഇക്കാര്യത്തിൽ സമയബന്ധിതമായി നടപടി സ്വീകരിക്കുമോ? | | |

സെക്ഷൻ ഓഫീസർ